**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ; | (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു കീഴിലുള്ള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിലെയും സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സാങ്കേതിക കമ്മിറ്റി 28/07/2021-ലെ സ.ഉ.(സാധാ)നം. 970/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുന:സംഘടിപ്പിച്ചിരുന്നു. തുടർന്ന് 11.04.2022-നും 19.08.2022-നും മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28.04.2022-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യുടെ അദ്ധ്യക്ഷതയിലും സയൻസ് സിറ്റിയുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുകയും, നിർമ്മാണപ്രവർത്തനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിനായി തുടർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിലും, സാങ്കേതിക പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച പരിഹാരമാർഗങ്ങൾ കൂടി പരിഗണിച്ചു കൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ഥാപനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സയൻസ് & ടെക്നോളജി മ്യൂസിയം അധികൃതർ തയ്യാറാക്കിയിരിക്കുന്ന റിവൈസ്ഡ് ആക്ഷൻ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | എ - യിൽ നൽകിയിരിക്കുന്നു. |
| (സി) | ഇതിനായി നടപ്പ് വർഷം ആകെ എത്ര തുക | (സി) | 2022-23 സാമ്പത്തിക വർഷത്തിൽ നാളിതു വരെ |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുണ്ടെന്നും ഇതിലേക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും അറിയിക്കുമോ; കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിരുന്ന 50 കോടി രൂപ അനുവദിച്ചിട്ടുണ്ടോയെന്നും ബാക്കി തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയെന്തെന്നും വിശദീകരിക്കുമോ; | | 9.03 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. സയൻസ് സിറ്റിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 36.87 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും തുല്യ പങ്കാളിത്തത്തോടു കൂടി 14.5 കോടി രൂപയ്ക്ക് സയൻസ് സിറ്റിയിലെ സയൻസ് സെന്റർ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 50 കോടി രൂപ ഉറപ്പു നല്കിയെന്ന വിവരം ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ; പ്രസ്തുത സ്ഥാപനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിരിക്കുന്നത്. വിനോദത്തിലൂടെ വിജ്ഞാനമാർജ്ജിക്കാൻ ഉതകുന്ന ശാസ്ത്ര പ്രദർശനികൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗാലറികൾ, പ്ലാനറ്റേറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വിഭാവനം ചെയ്തിരിക്കുന്ന സയൻസ് സിറ്റി, പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായിരിക്കും. കൂടാതെ ഇത്തരം സ്ഥാപനങ്ങൾ വിനോദസഞ്ചാരമേഖല യിലും പ്രധാന പങ്കുവഹിക്കുന്ന തരത്തിലുള്ളതാണ്. യൂണിവേഴ്സിറ്റികളുമായി അഫിലിയേഷൻ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ